# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4187

13.12.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. പി.കെ. ശശി
ശ്രീ. പി.വി. അൻവർ
ശ്രീ. ജോർജ്ജ് എം. തോമസ്

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

## ധനദൃഢീകരണം

| | | |
|---|---|---|
| (എ) | സാമൂഹ്യ വികസന സൂചികയിൽ മുന്നിലുള്ള സംസ്ഥാനത്ത് മൂലധന നിക്ഷേപ വർദ്ധനവിലൂടെയും വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വൈദ്യ സഹായം തുടങ്ങിയ സാമൂഹ്യ സേവന മേഖല ശാക്തീകരിക്കുന്നതിലൂടെയും ധനദൃഢീകരണം സാധ്യമാക്കുന്നതിന് നടപ്പാക്കി വരുന്ന കാര്യങ്ങൾ വിശദമാക്കാമോ; | സമൂഹത്തിന്റെ എല്ലാ തുറകളിൽ പ്പെട്ടവരെയും സ്പർശിക്കുന്നതും സമഗ്ര വികസനം സാദ്ധ്യമാക്കുന്നതും, അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ കവചം ഒരുക്കുന്നതുമായ നടപടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കഴിഞ്ഞ കുറേ കാലങ്ങളായി തുടരുന്ന വരവിന്റേയും ചെലവിന്റേയും വളർച്ചാ നിരക്കുകൾ തമ്മിലുള്ള അന്തരം വർദ്ധിക്കുന്നത് മൂലമുള്ള അസന്തുലിതാവസ്ഥ മേൽ നടപടികൾക്ക് ഒരു പ്രതിബന്ധമാണ്. വരുമാന വളർച്ചയിലൂന്നിയ ധനദൃഢീകരണ നടപടികളിലൂടെ ടി പ്രതിസന്ധി തരണം ചെയ്യുകയെന്നതാണ് സർക്കാർ നയം. പൊതു നിക്ഷേപം വർദ്ധിപ്പിച്ചും, അനാവശ്യവും ധൂർത്തുനിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും സർക്കാർ ചെലവു ചെയ്യലിന്റെ മുൻഗണനയിൽ ക്ഷേമ വികസന ചെലവുകൾക്ക് പ്രാമുഖ്യം നൽകുക എന്നതും സർക്കാരിന്റെ നയമാണ്. ഇതിന്റെ ഭാഗമായി ധനദൃഢീകരണം സാദ്ധ്യമാകാനുതകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് തനത് നികുതി-നികുതിയേതര റവന്യൂ വർദ്ധനവിനായി നടത്തി വരുന്ന പരിശ്രമങ്ങൾ എന്തെല്ലാമാണ്; | സംസ്ഥാനത്തിന്റെ തനത് നികുതി – നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന നടപടികൾ ഇവയാണ്.<br>1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. |

| | | |
|---|---|---|
| | | 5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>6. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. |
| (സി) | മുഖ്യ തനതു സ്രോതസ്സായ എസ്.ജി.എസ്.ടി. നികുതിയിലെ ചോർച്ച ഒഴിവാക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എസ്.ജി.എസ്.ടി. യിലെ നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള പരിശോധന വകുപ്പ് നടത്തി വരുന്നു. ഇ-വേ ബിൽ സംവിധാനം നിലവിൽ വന്ന ശേഷം ഇതു സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. |
| (ഡി) | ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനു സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഇ-വേ ബിൽ പരിശോധന വഴി തൂക്കത്തിലും വിലയിലും നടത്തുന്ന കൃത്രിമം കണ്ടുപിടിക്കാൻ സാധ്യമാണോ; | അന്തർ സംസ്ഥാന ചരക്കു നീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ. ന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക് പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ ബിൽ പരിശോധിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഇ-വേ ബിൽ നടപ്പിലാക്കിയ 2018 ജനുവരി മുതൽ നാളിതുവരെ 94 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഓൺലൈനായി എടുത്തിട്ടുണ്ട്. പ്രതിമാസം 2 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഇന്റലിജൻസ് വിഭാഗം പരിശോധനാ വിധേയമാക്കി വരുന്നു.<br>ഇ-വേ ബില്ലിൽ കാണിച്ചിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി തൂക്കത്തിലോ വിലയിലോ സാധനങ്ങളിലോ മാറ്റമുണ്ടെന്ന് കാണുകയോ ഇത് സംബന്ധിച്ച വിവരം ലഭിക്കുകയോ ചെയ്യുന്ന പക്ഷം ഇന്റലിജൻസ് വിഭാഗം വാഹനങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി നികുതി വെട്ടിപ്പ് തടയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**